# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1526 03.05.2017 ൽ മറുപടിയ്ക്ക്

## സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.ആർ. രാജേഷ്
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.വി. ജോയി

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശേഷം സ്ത്രീകൾക്കെതിരെ-യുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. ഉടനെതന്നെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്.

2017-2018-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു വനിതാ പോലീസുദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റ് ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതാണ്. ടി വനിതാ പോലീസുദ്യോഗസ്ഥ എല്ലാ ചൊവ്വാഴ്ചകളിലും 10.30 എ.എം.നും 01.00 പി.എം.നും ഇടയ്ക്കുള്ള സമയത്ത് ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുന്നതാണ്. ഏതെങ്കിലും ഒഴിവാക്കാനാവാത്ത അത്യാവശ്യ കാര്യങ്ങളാൽ സന്ദർശനം നടത്താൻ സാധിച്ചില്ലെങ്കിൽ ആയത് അടുത്ത വരുന്ന വ്യാഴാഴ്ച സന്ദർശനം നടത്തുന്നതാണ്. ടി ഉദ്യോഗസ്ഥ സ്ത്രീകളിൽ നിന്നും പരാതികൾ

സ്വീകരിക്കുന്നതും പരിഹരിക്കുവാൻ കഴിയുന്നവ അപ്പോൾ തന്നെ പരിഹരിച്ചും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുന്നതുമാണ്.

സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസുകളും നടത്തി വരുന്നു.

ഇതിനുപുറമെ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ, കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആക്കി മാറ്റുന്നതിനു വേണ്ടി അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി.

(ബി) പൊതു വാഹനങ്ങളും തൊഴിലിടങ്ങളും പൊതു നിരത്തുകളും സ്ത്രീ സുരക്ഷിതമാക്കാൻ കൂടുതൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ;

(ബി) പൊതു നിരത്തുകളിലും വാഹനങ്ങളിലും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി മഫ്തിയിൽ വനിതാ പോലീസിന്റെ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. ഇക്കാര്യത്തിനായി പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്ത്രീകൾ ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും അതിൽ ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

(സി) പൊതു സ്ഥലങ്ങളിൽ അപമാനത്തിന് ഇരയാകുന്നവർക്ക് ആത്മ വിശ്വാസം നൽകുന്നതിനുള്ള കൗൺസിലിംഗ്, സ്ത്രീകൾക്ക് സ്വയം പ്രതിരോധത്തിനുള്ള പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

(സി) ഉണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസുകളും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ.